അദ്ധ്യായം 10

# മണിയങ്ങാട്ട് പാറയിൽ കുടുംബം



ലൂക്കാവർക്കി ഭാര്യ അന്ന

മണിയങ്ങാട്ടു ലൂക്കാ-അന്ന ദമ്പതികളുടെ ആൺമക്കളിൽ അഞ്ചാമനായ വർക്കി വിളക്കുമാടം പള്ളി ഇടവക ആയല്ലൂക്കുന്നേൽ ജോൺ ഏലി മകൾ അന്നയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് അന്ന, ഏലി, ലൂക്കാ, ജോൺ, മാത്യു, വർക്കി, റോസ, തോമസ്, മോനിക്കാ എന്ന് ഒൻപതുമക്കൾ ജാതരായി.

ഈ കുടുംബം അറപ്പള്ളിൽ ചേരിക്കലിന്റെ ഉത്തരപാർശ്വത്തിലുള്ള പാറേൽ പുരയിടത്തിലേക്കു താമസം മാറ്റി.

പിതാവ് വർക്കി 1965 ജൂലൈ 17-ാം തീയതിയും മാതാവ് അന്ന 1971 ഏപ്രിൽ 7-ാം തീയതിയും അന്തരിച്ചു. കൊഴുവനാൽ സിമിത്തേരിക്കപ്പേളയിൽ മൃതദേഹങ്ങൾ യഥാകാലം സംസ്കരിച്ചു.

വർക്കി-അന്ന ദമ്പതികളുടെ മൂത്തമകൾ അന്നയെ പൂവരണി ഈറ്റത്തോട്ട് ദേവസ്യാ അന്ന മകൻ മത്തായി വിവാഹം കഴിച്ചു. ദേവസ്യാ(കൊച്ച്) വർക്കി (കുഞ്ഞൂഞ്ഞ്) അന്ന (കുഞ്ഞുപെണ്ണ്) മറിയാമ്മ എന്ന നാലു മക്കൾ ഇവർക്കുണ്ടായി. മൂത്തമകൾ കുഞ്ഞു

പെണ്ണിനെ കപ്പാട് വെങ്ങാലൂർ (മഞ്ഞപ്പള്ളി) ചാക്കോച്ചൻ സ്വവധുവായിവരിച്ചു. മൂത്തമകൻ കൊച്ച് വട്ടോത്തു നിന്നും വിവാഹം കഴിച്ചു. അന്ന–മത്തായി ദമ്പതികളുടെ രണ്ടാമത്തെ മകൾ മറിയാമ്മ സന്യാസവ്രതം സ്വീകരിച്ചു. ചെമ്മലമറ്റം എഫ്.സി.സി. മഠത്തിൽ ചേർന്നു. അവിടത്തെ സ്കൂളിൽ അധ്യാപനശുശ്രൂഷ നിർവഹിച്ചു. റിട്ടയർ ചെയ്തശേഷം അവിടെത്തന്നെ വിശ്രമജീവിതം നയിക്കുന്നു.

കുഞ്ഞുഞ്ഞ് പൈക പിണമറുകിൽ മേരിയെ വിവാഹം കഴിച്ചു.

വർക്കി–അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൾ ഏലിയെ തോടനാൽ പുത്തൻപുരയ്ക്കൽ ജോസഫ് മകൻ തോമസാണ് വിവാഹം കഴിച്ചത്. ഈ ദമ്പതികൾക്ക് കൊച്ച്, മാമ്മി, കുഞ്ഞ്, പാപ്പച്ചൻ, അപ്പച്ചൻ, ചിന്നമ്മ, ഏലി എന്ന് ഏഴു മക്കൾ ജാതരായി.

മൂത്തമകൾ മാമ്മിയെ തിടനാട് പൊട്ടനാനിക്കൽ പി.സി. ജോസഫ് ആണ് വിവാഹം കഴിച്ചത്. ചെറുപുഷ്പം മിഷൻ ലീഗിന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു പി.സി. ജോസഫ് അകാല ചരമം പ്രാപിച്ചു.

രണ്ടാമത്തെ മകൾ ചിന്നമ്മയെ പാലയ്ക്കാട്ടുമല ഇല്ലിക്കൽ പാപ്പച്ചൻ വിവാഹം കഴിച്ചു.

മൂന്നാമത്തെ മകൾ ഏലി (അക്കമ്മ) ക്ലാരമഠത്തിൽ ചേർന്നു. അർപ്പിത സന്യാസിനിയായ സി. സേർജൂസ് എഫ്.സി.സി., അധ്യാപികയാണ്.



വർക്കി ലൂക്കാ

വർക്കി-അന്ന ദമ്പതികളുടെ മൂത്ത മകൻ കുഞ്ഞ് (ലൂക്കാ) പൂവരണി ഈറ്റത്തോട്ടുമാളിയേക്കൽ മത്തായി ത്രേസ്യാ മകൾ മറിയാമ്മയെ ജീവിത പങ്കാളിയാക്കി. ഈ ദമ്പതികളുടെ മകൾ അന്ന (മാമ്മി) മറിയക്കുട്ടി, മോനിക്ക, ഏലിക്കുട്ടി, റോസമ്മ, തെയ്യാമ്മ അപ്പച്ചൻ (ജോസഫ്) എന്നിവരാണ്. പിതാവു കുഞ്ഞ് (ലൂക്കാ) 1996 മാർച്ച് 31-ന് നിര്യാതനായി.

മൂത്തമകൾ അന്ന (മാമ്മി)യെ പൂവരണി മാളിയേക്കൽ മത്തായി -ഏലി മകൻ തോമസ് വിവാഹം കഴിച്ചു. ഫിലോമിന, മാത്യു, ലൂക്കാ, ജോസ്, ജെസ്സി, എന്നീ മക്കൾ ജനിച്ചു.

അന്ന-തോമസ് ദമ്പതികളുടെ മൂത്തമകൾ ഫിലോമിന അർപ്പിത സന്യാസിനിയായി ആസാമിൽ പ്രേഷിത ശുശ്രൂഷനിർവഹിക്കുന്നു.

ഇളയമകൾ ജെസ്സിയെ ഏന്തയാറിൽ കുറ്റിയാനിക്കൽ കുടുംബത്തിലേക്കു വിവാഹം കഴിച്ചയച്ചു.

ലൂക്കാ (കുഞ്ഞ്)-മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൾ മറിയക്കുട്ടിയെ ആനിക്കാട്ട് പാണ്ടിയേപ്പള്ളി ഉലഹന്നൻ ഏലി മകൻ ജോസഫ് വിവാഹം ചെയ്തു. ജോൺ, ലൂക്കാ, ജോസഫ്, ഏലി, മറിയം, ആന്റണി, തോമസ് എന്നിവർ മക്കളാണ്. ആൺ മക്കളിൽ മൂത്തയാളായ ജോൺ ഝാൻസി മിഷനിൽ ചേർന്നു വൈദികനായി. രണ്ടാമത്തെ മകൻ ജോസഫ് എം.സി.ബി.എസ്. വൈദികനായി ഇപ്പോൾ ജർമ്മനിയിൽ സഭാശുശ്രൂഷ ചെയ്യുന്നു.

മൂത്ത മകൾ ഏലി മിഷൻ സിസ്റ്ററായി ഡൽഹിയിൽ പ്രേഷിത ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ മകൾ മറിയം മണിമലയുള്ള മഠത്തിൽ അംഗമായി ചേർന്നു ഇപ്പോൾ ആന്ധ്രാ മിഷനിൽ സേവനം ചെയ്യുന്നു.

ഇളയ മകൻ തോമസ് സി.എം.ഐ. സഭയിൽ ചേർന്നു വൈദികനായി.

ലൂക്കാ (കുഞ്ഞ്)-മറിയം ദമ്പതികളുടെ മൂന്നാമത്തെ മകൾ മോനിക്കാ രൂപതാ പാസ്റ്ററൽ കൗൺസിൽ മെമ്പർ പഞ്ചായത്തുമെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഫ്രാൻസിസ്ക്കൽ

അല്മായ അസോസിയേഷൻ, ലീജിയൻ ഓഫ് മേരി എന്നീ സംഘടനകളിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ലൂക്കാ (കുഞ്ഞ്)-മറിയം ദമ്പതികളുടെ നാലാമത്തെ പുത്രി ഏലിക്കുട്ടി (സി. റുഡോൾഫ്) കല്ലൂർക്കുളം ക്ലാരമഠത്തിൽ ചേർന്നു. അധ്യാപികയായി സേവനം അനുഷ്ഠിച്ചു. ഇപ്പോൾ മലബാറിൽ വേലമ്പാറ മഠത്തിൽ വസിക്കുന്നു.

ലൂക്കാ (കുഞ്ഞ്)-മറിയം ദമ്പതികളുടെ അഞ്ചാമത്തെ പുത്രി റോസമ്മ ചെങ്ങളം മാപ്പിളത്താഴെ ജോസഫ്-മാമ്മി മകൻ ആന്റണിയുടെ കുടുംബിനിയാണ്. ഏക മകനാണ് ജോസ്. ആന്റണി നിര്യാതനായി.

ലൂക്കാ (കുഞ്ഞ്)-മറിയം ദമ്പതികളുടെ ആറാമത്തെ പുത്രി തെയ്യാമ്മയെ മരങ്ങാട്ടുപള്ളി പുളിക്കിയിൽ ജോൺ-ഏലിമകൻ തോമസ് പരിണയിച്ചു. ഈ കുടുംബം മലബാറിലേക്കു കുടിയേറി.



**പാറയിൽ നെടീന്തുങ്കൽ അപ്പച്ചനും കുടുംബവും**

ലൂക്കാ (കുഞ്ഞ്)-മറിയം ദമ്പതികളുടെ ഏകപുത്രൻ അപ്പച്ചൻ (ജോസഫ്) കാഞ്ഞിരമറ്റം തെക്കേമുറിയൽ ജോസഫ്-മറിയം മകൾ ത്രേസ്യാ (കുട്ടിയമ്മ)യെ ജീവിത പങ്കാളിയാക്കി. ഈ ദമ്പതികളുടെ മക്കൾ മേരി, ആഗ്നസ്, കൊച്ചുറാണി, ലൂക്കാ (ജോബി) ജോസ്മോൻ, പ്രിൻസ് എന്നിവരാണ്.

മൂത്തപുത്രി മേരിയെ ചെങ്ങളം പിണമറുകിൽ ജോസഫ്-ബ്രിജീത്താ മകൻ ജോസഫ് സ്വകുടുംബിനിയാക്കി ഇവർക്ക് ജിൻസ് എന്നൊരു കുട്ടിയുണ്ട്. ഈ കുടുംബം മലബാറിലേക്കു പ്രവസിച്ചു.

ദ്വിതീയ പുത്രി ആഗ്നസിനെ ഉരുളികുന്നം കളരിക്കൽ മാത്യു -ബ്രിജീത്താ മകൻ ജോസഫ് സ്വന്തം സഹധർമ്മിണിയാക്കി.

പിതാവ് ലൂക്കാ (കുഞ്ഞ്) 1996 മാർച്ച് 31-ാം തീയതിയും മാതാവ് മറിയം 1950 സെപ്റ്റംബർ 10-ാം തീയതിയും പരലോക പ്രാപ്തരായി.

## പി.വി. ജോൺ പാറയിൽ



**പി.വി. ജോൺ, മണിയങ്ങാട്ടുപാറയിൽ**

മണിയങ്ങാട്ടുപാറയിൽ വർക്കി-അന്ന ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോൺ (കുഞ്ഞിലോ) മാന്നാനം പെരുമാലിൽ (കൈതക്കരി) ജോസഫ്-അന്ന മകൾ മേരിയെ 1934-ൽ പരിണയിച്ചു. ഈ ദമ്പതികൾക്ക് എഴുമക്കളുണ്ട് ഈ കുടുംബം മൈങ്കണ്ടത്ത് ആണ് താമസിക്കുന്നത്.

ജോൺ-മേരി ദമ്പതികളുടെ മൂത്തമകൾ ചിന്നമ്മ (ആനീസ്) പുള്ളിറ്റ് കുര്യാക്കോസ്-ഏലി മകൻ പാപ്പച്ചൻ പി.കെ. (ജോസഫ് ബി.എ.ബി.എൽ.) ന്റെ ധർമ്മദാരങ്ങളാണ്. പാപ്പച്ചൻ കോട്ടയം ബാറിലെ പ്രമുഖ അഭിഭാഷകനാണ്. 1955-ൽ ആയിരുന്നു ഇവരുടെ വിവാഹം ഈ ദമ്പതികൾക്ക് നാലുമക്കളുണ്ട്. മൂഴൂരിലാണ് താമസം. മൂത്തമകൻ ഷിബു മണർകാട്ട് ഗവ. ഹൈസ്കൂൾ അധ്യാപക

നാണ്. രണ്ടാമത്തെ മകൻ ജോൺസൺ വൈദികനായി. ഫാ. ജോൺസൺ പുള്ളിറ്റ് കുറവിലങ്ങാട്ട് വൈദികശുശ്രൂഷ നിർവഹിക്കുന്നു. മൂത്തമകൾ മോളി പറത്താനം പുത്തൻപുര മാമ്മച്ചന്റെ സഹധർമ്മിണിയാണ്. ഈ ദമ്പതികൾ ദുബായിൽ ഔദ്യോഗിക ജീവിതം നയിക്കുന്നു.

രണ്ടാമത്തെ മകൾ സി.ജൂലി ബി.എസ്.സി നേഴ്സാണ്.

ജോൺ-മേരി ദമ്പതികളുടെ രണ്ടാമത്തെ മകൾ ലീലമ്മ കാഞ്ഞിരമറ്റം വെട്ടുവയലിൽ ജോസഫ്-അന്നമകൻ ദേവസ്യാച്ചന്റെ ധർമ്മപത്നിയാണ്. 1958-ൽ ആയിരുന്നു ലീലാമ്മ ദേവസ്യാച്ചൻ കല്യാണം. ഈ ദമ്പതികൾക്ക് ആറുമക്കളുണ്ട്.

മൂത്തമകൻ ഷാജുവും രണ്ടാമത്തെ മകൻ ജിജിയും അമ്മയോടൊത്ത് സ്വഭവനത്തിൽ കഴിയുന്നു. മൂന്നാമൻ സെബിച്ചൻ അബുദാബിയിൽ ഭാഗധേയം കണ്ടെത്തി.

മൂത്തമകൾ മോളി സാവിയോ പാംപ്ലാനിയുമൊത്ത്, ഈ ദമ്പതികൾ ഡൽഹിയിൽ ഉദ്യോഗാർത്ഥം താമസിക്കുന്നു. രണ്ടാമത്തെ പുത്രി ലിസമ്മ പൂവരണി പാറേക്കാട്ട് ചാണ്ടിക്കുഞ്ഞിന്റെ ജീവിത പങ്കാളിയാണ്.

മൂന്നാമത്തെ മകൾ സിൽവിക്കുട്ടി അരുവിക്കുഴി ചൂരയ്ക്കൽ റ്റോമിയുടെ ജീവിത പങ്കാളിയാണ് ഇവർ സൗദിയിലാണ് ജോലി ചെയ്യുന്നത്.

ജോൺ-മേരി ദമ്പതികളുടെ മൂന്നാമത്തെ മകൾ റോസമ്മയെ പൂവരണി പരിപ്പീറ്റത്തോട് തൊമ്മൻ മറിയം മകൻ കുട്ടിയച്ചൻ 1965-ൽ മന്ത്രകോടിയണിയിച്ചു. ഇവർക്ക് രണ്ടുമക്കളാണുള്ളത്. മകൻ ബോബി. മകൾ ബിജിയെ മൂഴൂർ തടത്തിൽ ബേബി സ്വന്തം ജീവിത പങ്കാളിയാക്കി.


ജോൺ-മേരി ദമ്പതികളുടെ നാലാമത്തെ മകൾ ഏലമ്മ സിസ്റ്റർ മേരി ജോൺ എന്ന പേരിൽ ആരാധന സഭാംഗമായി. ഇപ്പോൾ ജർമ്മനിയിൽ പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു.

ജോൺ-മേരി ദമ്പതികളുടെ ആൺ മക്കൾ ജോർജ്ജും ജോസഫും ഇരട്ടകളാണ്.



പാറേൽ കുഞ്ഞിലോ മകൻ വർക്കിച്ചനും കുടുംബം

ഇവരിൽ ജോർജ്ജ് (വർക്കിയച്ചൻ) 1972-ൽ കരൂർ ഞാവള്ളി ചൂരനാട്ട് കുര്യൻ അന്ന മകൾ സലോമിയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരാണുള്ളത്. മൂത്തമകൻ ഷോണി എം. സി.എ. ബിരുദധാരിയാണ്. ബാംഗ്ലൂരിൽ ജോലിയിലാണ് രണ്ടാമത്തെമകൻ രാജേഷ് ഡിഗ്രി വിദ്യാർത്ഥിയുമാണ്.



പാറേൽ കുഞ്ഞിലോമകൻ ജോസഫും കുടുംബം

ഇരട്ടകളിൽ അപരനായ ജോസഫ് 1974-ൽ പുവത്തിളപ്പ് ഇല വനാൽ ജോർജ്ജ് അന്ന മകൾ ലൂസിക്കുട്ടിയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് നാലു പുത്രിമാർ മാത്രമേയുള്ളു.

മൂത്തമകൾ സാൻഡീസ് ഡയറ്റീഷ്യനാണ്. രണ്ടാമത്തെ മകൾ ജാനീസ് ഫാഷൻ ടെക്നോളജി പഠിച്ചുകഴിഞ്ഞ് ജോലി ചെയ്യുന്നു. മൂന്നാമത്തെ മകൾ ഡെന്നീസ് നഴ്സിംഗ് വിദ്യാഭ്യാസം കഴിഞ്ഞ് ജോലിയിലാണ് ഇളയ മകൾ ജോയ്സ് ബി.എസി. നേഴ്സിംഗ് പഠിക്കുന്നു.

ജോൺ-മേരി ദമ്പതികളുടെ ഇളയപുത്രി ലൂസി വാഴൂർ വെട്ടുവയലിൽ ചാക്കോ മറിയം മകൻ ജോസിന്റെ കുടുംബിനിയാണ് 1970-ൽ ആയിരുന്ന ലൂസി-ജോസ് മാംഗല്യം അരങ്ങേറിയത്. ഈ ദമ്പതികൾക്ക് നാലുമക്കളുണ്ട് മൂത്തമകൻ ഷാജി, രണ്ടാമൻ ഷീൻ. മൂത്ത മകൾ സോജി അരുവിത്തുറ കൊട്ടുകാപ്പള്ളി ബോബിയുടെ സഹധർമ്മിണിയായി. രണ്ടാമത്തെ മകൾ സോഫിൻ ജീവിതാന്തസ്സിൽ പ്രവേശിച്ചിട്ടില്ല.

ഈ കുടുംബം കരിക്കാട്ടൂർ താമസിക്കുന്നു.

വർക്കി-അന്ന ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോൺ (കുഞ്ഞിലോ) 11-10-1996-ൽ 89-ാം വയസിൽ നിര്യാതനായി. ഭാര്യ മറിയാമ്മ 2005 ഫെബ്രുവരിയിലും നിര്യാതയായി.

## പാറയിൽ മത്തായി



പാറയിൽ മത്തായി (കുട്ടി)



പാറേൽ മാത്യുവിന്റെ കുടുംബം

മണിയങ്ങാട്ടു പാറയിൽ വർക്കി-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൻ മത്തായി (കുട്ടി) ആറുമാനൂർ ചുണ്ടമലസ്കറിയ-ഏലിമകൾ ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ജോർജ്ജ്-ചിന്നമ്മ,ഏലിക്കുട്ടി, സഖറിയാസ്, മാത്യു, മേരി എന്നീ ആറുമക്കൾ ഇവർക്കുണ്ട്.

## ഫാ. ജോർജ്ജ് മണിയാങ്ങാട്ടുപാറയിൽ

പാറയിൽ മത്തായി-ത്രേസ്യാമ്മ ദമ്പതികളുടെ മൂത്തമകൻ ജോർജ്ജ് 1930 മെയ് 18-ന് ജനിച്ചു മണലുങ്കൽ സ്കൂളിലും മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിലുമായി വിദ്യാഭ്യാസം നടത്തി. പാലാ സെന്റ് ജോസഫ്സ് മിഷൻ മൈനർ സെമിനാരിയിലും പൂനമല മേജർ സെമിനാരിയിലുമായി വൈദികപഠനം നിർവഹിച്ചു. 1961 ഏപ്രിൽ 23-ാം തീയതി പൂനമലയിൽവച്ച് പൗരോഹിത്യപട്ടം സ്വീകരിക്കുകയും പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

വിശാഖപട്ടണം രൂപതയിലെ വീരഘട്ടം ഇടവകയിലും ജാനപുരം ഇടവകയിലും അസിസ്റ്റന്റു വികാരിയായി സേവനം ചെയ്തു. 1966 മുതൽ സെന്റ് ജോസഫ്, ബോബിയാ, സാമൻ, കോട്ട എന്നീ പള്ളികളിൽ വികാരിയായും വൈദികശുശ്രൂഷ നിർവഹിച്ചു.

അനന്തരം പ്രത്തിപ്പാട്ട് ഒരു പള്ളി സ്ഥാപിക്കുകയും പള്ളി, വൈദിക വസതി എന്നിവ നിർമ്മിച്ച് അവിടെ പ്രഥമ വികാരിയായി സ്ഥാനമേല്ക്കുകയും ചെയ്തു. അവിടെ അടുത്തുള്ള കുന്നിൻ മുകളിൽ ഒരു കപ്പേളയും നിർമ്മിച്ചു.

അടുത്തതായി ഏദലേശ്വം എന്ന സ്ഥലത്തും പുതിയതായി ഒരു പള്ളി നിർമ്മിച്ചു. ഒൻപതു വർഷം ആ പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. പിന്നീട് ഗോദാവരി പള്ളിയിലേക്കു സ്ഥലം മാറി. അഞ്ചുവർഷം ആ സ്ഥലം സേവനരംഗമാക്കി. 1983-ൽ വിശാഖപട്ടണം സെന്റ് ആൻസ് കത്തീഡ്രൽ പള്ളി വികാരിയായി സ്ഥലം മാറ്റപ്പെട്ടു അവിടെ നാലുവർഷക്കാലത്തെ ഭരണത്തിനിടയിൽ സോഷ്യൽ സർവീസ് സൊസൈറ്റി സ്ഥാപിച്ച് രജിസ്റ്റർ ചെയ്തു അതിന്റെ ഡയറക്ടർ എന്ന നിലയിൽ വിലപ്പെട്ട സാമൂഹികസേവനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. 1987-ൽ അനപ്പരത്തിയിൽ ഒരു പുതിയ പള്ളി സ്ഥാപിക്കുക എന്ന നിയോഗവുമായി അങ്ങോട്ടു നിയുക്തനായി. അവിടത്തെ ഏഴുവർഷത്തെ ശുശ്രൂഷാകാലത്ത് പള്ളി പണിപൂർത്തിയാക്കുകയും ഷഷ്ടിപൂർത്തി സ്മാരകമായി ഉണ്ണിമിശിഹായുടെ നാമത്തിൽ ഒരു കപ്പേള പണികഴിപ്പിക്കുകയുമുണ്ടായി. 1994-ൽ ഹംസവാരം പള്ളിയിലേക്കാണ് സ്ഥലം മാറ്റപ്പെട്ടത്. അവിടെ മൂന്നു വർഷം സേവനം അനുഷ്ഠിച്ചു.

2000-ാം മാണ്ടിലെ ജൂബിലിവത്സരം പ്രമാണിച്ച് വിശുദ്ധനാടുകൾ സന്ദർശിക്കുന്നതിനും റോമിലെത്തി പരിശുദ്ധ മാർപ്പാപ്പായെ അഭിമുഖം ദർശിക്കുന്നതിനും ജോർജ്ജച്ചന് ഭാഗ്യം സിദ്ധിച്ചു.

നാട്ടിൽ തിരിച്ചെത്തിയശേഷം 2002 വരെ പോണ്ടിച്ചേരിയിലെ മരിയൻ തീർത്ഥകേന്ദ്രമായ യാനായിൽ ആണ് അച്ചന്റെ സേവനം അർപ്പിക്കപ്പെട്ടത്.

2002 ജൂലൈ മുതൽ മണപ്പേട്ട എന്ന സ്ഥലത്ത് വിശ്രമ ജീവിതം നയിക്കുന്നു.

മത്തായി ത്രേസ്യാമ്മ ദമ്പതികളുടെ ദ്വിതീയ സന്താനമായ ചിന്നമ്മ മണലുങ്കൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം സ്വന്തം ദൈവവിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് ക്ലാരസഭയിൽ അർത്ഥിനിയായി. 1954-ൽ സി. ഗാസ്പ്പർ എന്ന പേരിൽ സഭാവസ്ത്രം സ്വീകരിച്ച് അർപ്പിത സന്യാസ്തയായി കല്ലൂർക്കുളം മഠത്തിൽ സേവനനിരതയായിരിക്കെ, 1956 മാർച്ച് 29-ാം തീയതി സ്വർഗ്ഗീയ മണവാളന്റെ സന്നിധിയിലേക്ക് എടുക്കപ്പെട്ടു കൊഴുവനാൽ പള്ളിയിലെ പുതിയ സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

മത്തായി ത്രേസ്യാമ്മ ദമ്പതികളുടെ തൃതീയ പുത്രി ഏലിക്കുട്ടി ലീജിയൻ ഓഫ് മേരി, ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് മുതലായ ഭക്തസംഘടനകളിൽ പ്രവർത്തിച്ചുകൊണ്ട് അവിവാഹിതയായി സ്വഭവനത്തിൽ കഴിയുന്നു.

## ഫാ. സഖറിയാസ് മണിയങ്ങാട്ട്

മത്തായി-ത്രേസ്യാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ സഖറിയാസ് മണലുങ്കൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വൈദിക വിദ്യാർത്ഥിയായി പാലാ മൈനർ സെമിനാരിയിലും ആലുവാ മേജർ സെമിനാരിയിലും പഠിച്ചശേഷം 1967 ഡിസംബറിൽ വൈദികാഭിഷിക്തനായി. മൂലമറ്റം കുറവിലങ്ങാട് എന്നീ പള്ളികളിൽ അസിസ്റ്റന്റുവികാരിയായും പറത്താനം, ചേറ്റുതോട് പള്ളികളിൽ വികാരിയായും സേവനം ചെയ്തു. ചേറ്റുതോടു പള്ളിയുടെ പുനർ നിർമ്മാണം നടന്നത് ഫാ.സഖറിയാസ് മണിയങ്ങാട്ട് അവിടെ വികാരിയായിരുന്നപ്പോഴായിരുന്നു. തുടർന്ന് ഏതാനും വർഷം രൂപത വക കൂത്രപ്പള്ളി എസ്റ്റേറ്റിന്റെ ഭരണചുമതലയും വഹിച്ചു. തുടർന്ന് മൂന്നുവർഷം പാലാ രൂപതാ പോക്രേറ്ററായും അതുകഴിഞ്ഞ് മൂലമറ്റം മുട്ടുചിറ ഫൊറോനാപ്പള്ളി എന്നിവിടങ്ങളിൽ വികാരിയായിരുന്നു. ഇപ്പോൾ പ്രവിത്താനം പള്ളി വികാരിയാണ്.

മത്തായി-ത്രേസ്യാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ മാത്യു (പാപ്പച്ചൻ) ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കാർഷികവൃത്തിയിൽ വ്യാപൃതനായി. കൊഴുവനാൽ തോണക്കരപ്പാറ മാത്യു-ത്രേസ്യാമ്മ ദമ്പതികളുടെ പുത്രി മേരിയെ പാപ്പച്ചൻ പാണിഗ്രഹണം ചെയ്തു.

ബോബി (മാത്യു) ജോർജ്ജ്, ഔസേപ്പച്ചൻ, റ്റെസി, മോളി, സ്കറിയാച്ചൻ എന്നിവരാണ് മക്കൾ.

മൂത്തമകൻ ബോബി എം.കോം. ബിരുദധാരിയാണ്. മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി ജീവനക്കാരനായി പ്രവർത്തിക്കുന്നു. പൂവരണി മോളോപ്പറമ്പിൽ എബ്രാഹം-മേരി മകൾ ആലീസാണ് ഭാര്യ. ആലീസ് എം.എസി. ബി.എഡ്. അധ്യാപികയാണ്. ഇവർക്ക് മരിയാ, ലിസാ എന്നീ രണ്ടു മക്കളാണ്.

രണ്ടാമത്തെ മകൻ ജോർജ്ജ് ഇന്റീരിയർ ഡെക്കറേഷൻ പരീക്ഷപാസ്സായിട്ടുണ്ട്. കാഞ്ഞിരമറ്റം പരുവനാനിക്കൽ തോമസ് ചിന്നമ്മ മകൾ സുനിയെ ജോർജ് മംഗല്യം ചാർത്തിവരിച്ചു. എം.എ; ബി.എഡ്. ബിരുദധാരി സുനി അധ്യാപികയാണ്. ഇവർക്ക് ലിയോ (മാത്തച്ചൻ) എന്ന മകനുണ്ട്.

മൂന്നാമത്തെ മകൻ ഔസേപ്പച്ചൻ ഓട്ടോമൊബായിൽ എൻജിനിയറിഗും പാസ്സായി. കരൂർ ഞാവള്ളി വർക്കിച്ചന്റെ മകൾ മിലിയെ വിവാഹം കഴിച്ചു. മിലി അധ്യാപികയായി ജോലിചെയ്യുന്നു.

നാലാമത്തെ സന്താനമായി റ്റെസി മാന്നാനം പെരുമാലിൽ ജോസഫ്-എത്സമ്മ മകൻ മാത്യുവിന്റെ കുടുംബിനിയാണ്.

അഞ്ചാമത്തെ സന്താനമായ മോളിയെ മൂന്നാനി മുക്കൻതോട്ടത്തിൽ അഡ്വ.ജോസഫ് സലിൻ വിവാഹം ചെയ്തു.

ഇളയ പുത്രൻ സ്കറിയാച്ചൻ പഠനം പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

പിതാവു പാപ്പച്ചൻ കാഞ്ഞിരമറ്റം ഇടവക സൺഡേസ്കൂൾ അധ്യാപകനായും മണലുങ്കൽ പള്ളിയിലും മതാധ്യാപകനെന്ന നിലയിലും പ്രവർത്തിച്ചുവരുന്നു. മണലുങ്കൽ കുരിശുപള്ളി നിർമ്മാണത്തിനും മുൻനിര പ്രവർത്തകനായിരുന്നു. മണലുങ്കൽ സ്കൂൾ അധ്യാപക രക്ഷാകർത്തൃ സമിതി അംഗമായും സമിതി പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

മത്തായി-ത്രേസ്യാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ മേരിയെ പൈകയിൽ നരിതൂക്കിൽ മത്തായി-ത്രേസ്യാ ദമ്പതികളുടെ ഏകപുത്രനായ പാപ്പച്ചൻ (ജോസഫ്) വിവാഹം കഴിച്ചു. ഇവർക്കു കുറുവച്ചൻ, മോളി, ആൻസി എന്നീ മൂന്നു മക്കളുണ്ട് മൂത്ത പുത്രി മോളിയേ കാഞ്ഞിരമറ്റത്ത് പാറേകുളത്ത് ഡ്യൂബി വിവാഹം കഴിച്ചു.

പാറയിൽ വർക്കി-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രനും ഫാ. ജോർജ്ജ്, ഫാ.സഖറിയാസ് മുതൽ പേരുടെ പിതാവുമായ മത്തായി (കുട്ടി) 1982 ഫെബ്രുവരി 22-ാം തീയതി എഴുപതാം വയസ്സിൽ നിര്യാതനായി. മാതാവ് ത്രേസ്യാമ്മ 22-3-2005-ൽ ഇഹലോകവാസം വെടിഞ്ഞു.

## പി.വി. വർക്കി മണിയങ്ങാട്ടുപാറയിൽ



വർക്കി മണിയങ്ങാട്ട്

പാറയിൽ ലൂക്കാ വർക്കി-അന്നമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ വർക്കി (ജോർജ്ജ്) നെടുങ്കുന്നം കണ്ടങ്കേരിൽ ഉലഹന്നന്റെ പുത്രി പെണ്ണമ്മയെ (കാതറൈൻ) വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജോർജ്ജ് (ബേബി) സെലിൻ, ജോൺ, ലൈസമ്മ, മേരിക്കുട്ടി, ജോസ് എന്നീ ആറുമക്കൾ ജാതരായി.



പാറേൽ ബേബിയും കുടുംബം

ഇവരിൽ മൂത്തമകൻ ബേബി. മണലുങ്കൽ കൊച്ചുകരോട്ട് ഔതച്ചന്റെ മകൾ ചിന്നമ്മ ബി.എ. ബി.എഡ്.-നെ മന്ത്രകോടിയണിയിച്ചു. ഈ കുടുംബം പാലക്കാട് കോട്ടായിൽ താമസിക്കുന്നു. ചിന്നമ്മ

ഹൈസ്കൂളിൽ പഠിപ്പിക്കുകയാണ്. ഈ ദമ്പതികൾക്ക് നോബി, നിഷ, നീൽ എന്നിവർ മക്കളായുണ്ട്.

രണ്ടാമത്തെ സന്താനമായ സെലിൻ നെടുങ്കുന്നം പുതിയാപറമ്പിൽ ദേവസ്യാച്ചന്റെ മകൻ ചാക്കോച്ചന്റെ ഭാര്യയാണ്. സോജൻ, സോണിയാ, സ്വപ്ന, ജോർജീനാ എന്നിവരാണ് മക്കൾ.



**പാറേൽ ജോണിയും കുടുംബവും**

മൂന്നാമത്തെ സന്താനമായ ജോൺ കാവാലം വാടപ്പറമ്പിൽ ഔതക്കുട്ടി-മേരിക്കുട്ടി മകൾ ലില്ലിക്കുട്ടിയെ സ്വകുടുംബിനിയാക്കി. ക്രിസ്റ്റിന, ജോർജ്ജുകുട്ടി എന്ന രണ്ടുമക്കളുണ്ട് ഈ കുടുംബം മീനച്ചിൽ പള്ളി ഇടവകയിൽ കുമ്പാനിയിൽ താമസിക്കുന്നു.

നാലാമത്തെ സന്താനമായ ലൈസമ്മയെ വയലാ നിരവത്ത് ലൂക്കാസാറിന്റെ മൂത്തമകൻ ജോസ് പരിണയിച്ചു. ഷീബാ, ടിജോ, ഷീനാ (കൊച്ചുമോൾ) എന്നു മൂന്നു മക്കൾ ഉണ്ട്.

അഞ്ചാമത്തെ സന്താനമായ മേരിക്കുട്ടി മാന്നാനം തയ്യിൽ ചാക്കോച്ചന്റെ മകൻ ജയിംസിന്റെ സഹധർമ്മിണിയാണ്. ജലീറ്റ, ജൂലിയസ് എന്നു രണ്ടുമക്കൾ.

ജോർജ്ജ്-പെണ്ണമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ ജോസ് ഇഞ്ചിയാനി കുഴിപ്പള്ളിൽ കുടുംബാംഗമായ റാണിയെ മന്ത്രകോടിയണിയിച്ചു. ഇവർക്ക് ജെയ്സൺ, ജീനാ എന്ന രണ്ടുമക്കൾ ഉണ്ട്.

പിതാവ് ജോർജ്ജ് 1983 ഏപ്രിൽ 15–നും മാതാവ് പെണ്ണമ്മ (കാതറൈസ) 1959 സെപ്റ്റംബർ 20–നു നിര്യതരായി.



**മണിയങ്ങാട്ട് പാറയിൽ വർക്കി തോമസ്**

ലൂക്കാ വർക്കി–അന്ന ദമ്പതികളുടെ ഏഴാമത്തെ സന്താനമായ തോമസ് പൂവരണി ഈറ്റത്തോട്ട് മാളിയേക്കൽ മത്തായി ത്രേസ്യാമ്മ മകൾ ത്രേസ്യാമ്മയെ വധുവായി വരിച്ചു ഈ ദമ്പതികൾക്ക് അഞ്ചുമക്കൾ ജാതരായി.



**മണിയങ്ങാട്ട് പാറയിൽ മാത്യുതോമസും കുടുംബവും**

തോമസ്-ത്രേസ്യാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ മാത്തുക്കുട്ടി പാലമ്പ്രപാറടിയിൽ ജോസഫ് ഏലിക്കുട്ടിമകൾ റ്റെസിയെ പരിണയിച്ചു. തോമസുകുട്ടി റാണി എന്നു രണ്ടുമക്കളാണ് ഇവർക്കുള്ളത്.

പിതാവ് തോമസ് 61-ാമത്തെ വയസ്സിൽ 1982 നവംബർ 3-ാം തീയതി നിര്യാതനായി. കൊഴുവനാൽപള്ളി സിമിത്തേരിയിലെ കുടുംബക്കല്ലറയിൽ മൃതദേഹം അടക്കം ചെയ്തു.

ലൂക്കാവർക്കി-അന്ന ദമ്പതികളുടെ ഏട്ടാമത്തെ സന്താനമായ റോസമ്മയെ തോടനാൽ പാറേക്കുളത്തു കുട്ടി വിവാഹം ചെയ്തു. മക്കളായിട്ട് അപ്പച്ചൻ, സണ്ണി, ലില്ലിക്കുട്ടി, ഇത്തമ്മ, മോളി, ഫിലോമിന, ഓമന എന്നീ എഴു മക്കളാണുള്ളത്.

1. അപ്പച്ചൻ ഇളംകുളത്ത് കൂറ്റനാൽ നിന്നും വിവാഹം കഴിച്ചു.

2. സണ്ണി, പാലാ പുഞ്ചേകുന്നേൽ നിന്നും വിവാഹം കഴിച്ചു.

3. ലില്ലിക്കുട്ടിയെ കാഞ്ഞിരപ്പള്ളിൽ വാലുമണ്ണേൽ വിവാഹം ചെയ്തു വിട്ടു.

4. ഇത്തമ്മയെ കൊഴുവനാൽ കൊച്ചുമുറിയിൽ വിവാഹം കഴിച്ചു വിട്ടു.

5. മോളിയെ പയപ്പാറ പാമ്പയ്ക്കൽ വിവാഹം കഴിച്ചു വിട്ടു.

6. ഫിലോമിനയെ ചെറുവള്ളി ഇളംതോട്ടത്തിൽ വിവാഹം കഴിച്ചു വിട്ടു.

7. ഓമനയെ മുന്നിലവു ചുങ്കപ്പുരയ്ക്കൽ വിവാഹം കഴിച്ചു വിട്ടു.

ലൂക്കാവർക്കി-അന്ന ദമ്പതികളുടെ ഒൻപതാമതു സന്താനമായ മോനിക്കായെ അയർക്കുന്നം തറയിൽ (വഴിയമ്പലത്തിൽ) കുട്ടി വിവാഹം കഴിച്ചു. ബേബി, ജോർജ്ജുകുട്ടി, ജോസ്, ഷാജി, മേരി, സെലിൻ, എന്നിങ്ങനെ ആറുമക്കളാണ് ഈ ദമ്പതികൾക്കുള്ളത്.

1. മേരി അവിവാഹിത

2. ബേബി കൊങ്ങാണ്ടൂർ എടൂരുനിന്ന് വിവാഹം കഴിച്ചു.

3. ജോർജ്ജു കുറുമള്ളൂർ മറ്റത്തിൽ നിന്നും വിവാഹം കഴിച്ചു.

4. സെലിൻ മോനിപ്പള്ളിൽ കല്ലിടുക്കിയിൽ വിവാഹം കഴിച്ചു വിട്ടു.

5. ജോസ് അമ്മഞ്ചേരിൽ കുറിച്ചിയാനിയിൽനിന്നു വിവാഹം കഴിച്ചു.

6. ഷാജി മറ്റക്കര മണകാവിൽ നിന്നും വിവാഹം കഴിച്ചു.

## പുണ്യശ്ലോകനായ മണിയങ്ങാട്ടു മത്തായി അച്ചൻ

മണിയങ്ങാട്ടു നിരപ്പേൽ ലൂക്കാ, ചെറവേലിൽ അന്നമ്മ എന്നീ ദമ്പതിമാരുടെ ആൺമക്കളിൽ ആറാമനായ മത്തായി 1881 ജൂലൈ 1-ാം തീയതി ഭൂജതനായി. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ദൈവ വിളി പ്രചോദിതനായി സെമിനാരിയിൽ ചേർന്ന് വൈദിക വിദ്യാഭ്യാസം നിർവഹിച്ചു. 1910 ഡിസംബർ 29-ാം തീയതി അന്നത്തെ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്ക ആയിരുന്ന അഭിവന്ദ്യ മാക്കീൽ മാർ മത്തായി മെത്രാനച്ചനിൽ നിന്ന് പൗരോഹിത്യ പട്ടം സ്വീകരിക്കുകയും പിറ്റേദിവസം പ്രഥമ ദിവ്യ ബലി അർപ്പിക്കുകയും ചെയ്തു.

തുടർന്ന് അതിരമ്പുഴ ഫൊറോന പള്ളിയിൽ അസിസ്തേന്തിയായി നിയമിക്കപ്പെട്ടു. അതിനുശേഷം തോടനാൽ, മൂഴൂർ, തലയോലപ്പറമ്പ്, എലിക്കുളം, പൈക, എളങ്ങോയി, പൈങ്ങുളം, വിളക്കുമാടം തുടങ്ങിയ പള്ളികളിൽ വികാരിയായും ഏവർക്കും പ്രീതികരമാം വണ്ണം ഇടയശുശ്രൂഷ നിർവഹിച്ചു ചെങ്ങളം പള്ളിയിൽ മൂന്നുവട്ടം ബഹു. മത്തായിഅച്ചൻ വികാരിയായി സേവനം അനുഷ്ഠിച്ചു. ചെങ്ങളത്ത് വി. അന്തോനീസ് പുണ്യവാനോടുള്ള ഭക്തി പ്രചരിപ്പിച്ചത് ബഹു. മത്തായി അച്ചനായിരുന്നു. നാനാ ദിക്കുകളിൽ നിന്നും ഭക്തജനങ്ങൾ ആബാലവൃദ്ധം ചെങ്ങളത്തേക്കു പ്രവഹിച്ചു ചെങ്ങളത്തിനു പേരുംപെരുമയും വർദ്ധിച്ചു. നിമിഷകവി പരേതനായ ഫാ. എബ്രാഹം കുടകശ്ശേരി ചെങ്ങളമഹാത്മ്യം എന്ന പേരിൽ ഒരു ഖണ്ഡകാവ്യം രചിക്കാൻ തന്നെ ഈ സംഭവവികാസങ്ങൾ ഹേതു ഭൂതമായി.

വാർദ്ധക്യവും രോഗവും സജീവ സഭാശുശ്രൂഷകൾ ദുഷ്കരമാക്കിയപ്പോൾ, വികാരിസ്ഥാനത്തു നിന്നും വിരമിച്ചു. ബഹു. മത്തായി അച്ചൻ സ്വന്തം ഇടവകയായ കൊഴുവനാൽ പള്ളിയിൽ വിശ്രമജീവിതത്തിലേർപ്പെട്ടു. ആലസ്യം വർദ്ധിച്ചപ്പോൾ മത്തായി അച്ചന്റെ അനുജൻ തറവാട്ടിൽ താമസിച്ചിരുന്ന കുര്യൻ ജ്യേഷ്ഠനെ

ജന്മഗൃഹത്തിലേക്കു കൊണ്ടുപോന്നു. അത്യന്തം ശ്രദ്ധയോടും സ്നേഹാദരങ്ങളോടുംകൂടി പ്രസ്തുത കുര്യൻ ജ്യേഷ്ഠ വൈദികനെ പരിചരിക്കുകയും വൈദ്യ നിർദ്ദേശപ്രകാരമുള്ള ചികിത്സവിധികൾ കൃത്യമായി നടത്തുകയും ചെയ്തു. എങ്കിലും ആയുസ്സിന്റെ ഉടയവൻ വിളിച്ചതനുസരിച്ച് 1948 ഡിസംബർ 30-ാം തീയതി കൃതാർത്ഥ ജന്മമായ ആ പൂജ്യ പുരോഹിതാചാര്യൻ സ്വർഗ്ഗീയ പിതാവിന്റെ സവിധത്തിലേക്ക് യാത്രയായി. പിറ്റേ ദിവസം കൊഴുവനാൽ പള്ളിയിൽ പ്രത്യേകം സജ്ജമാക്കിയ മൃതകുടീരത്തിൽ ഭൗതികദേഹം കബറടക്കി.

മണിയങ്ങാട്ടുപൂർവ്വകുടുംബത്തിന്റെ വിവിധ ശാഖാ കുടുംബങ്ങളിൽ പിൽക്കാലത്തുണ്ടായ അനേകം വൈദികർക്കും സന്യസ്തർക്കും എന്നും സ്മരണയിൽ സൂക്ഷിക്കാവുന്ന മാതൃകയും മാർഗ്ഗദീപവുമായിരുന്നു പുണ്യചരിതനായ മത്തായിവല്യച്ചൻ. സ്വന്തം ആധ്യാത്മിക ഭൗതിക സമ്പത്തുകളും സ്വകീയമായ ശേഷിയും ശേമുഷിയും സഭയുടെയും സമൂഹത്തിന്റെയും ആകമാന പുരോഗതിക്കും ഉൽക്കർഷത്തിനും വേണ്ടിഅദ്ദേഹം കാഴ്ചവച്ചു. ആത്മവിശുദ്ധീകരണത്തിനും വിശ്വാസശുദ്ധീകരണത്തിനുമായി സ്വയം പീഢനത്തിനുവരെ അദ്ദേഹം ഉദ്യുക്തനായിരുന്നു. അതുവഴി അസാധാരണമായ പല സിദ്ധികളും വരങ്ങളും നേടിയെടുക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. ജാതിമതാതീതമായി മനുഷ്യരെ സ്നേഹിക്കുവാനും മനുഷ്യത്വത്തെ മാനിക്കുവാനും മാനവമൈത്രിക്കുവേണ്ടി നിലകൊള്ളുവാനും മത്തായി അച്ചൻ സദാ ഉത്സുകനായിരുന്നു. തന്റെ കർമ്മവീഥിയിൽ ദുരുദ്ദേശ പ്രേരിതമായി തല ഉയർത്തിയ പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും അചഞ്ചലമായ വിശ്വാസ ശക്തിയും പ്രസന്ന ചൈതന്യവും ത്യാഗതീക്ഷ്ണതയുംകൊണ്ട് അനായാസം നേരിടു വാൻ ആ കർമ്മയോഗിക്കു സാധിച്ചു. ഒരു മാതൃകാ സുറിയാനി വൈദികന്റെ അനുഷ്ഠേയമായ ചിട്ടകളോടും നിഷ്ഠകളോടും വീക്ഷണങ്ങളോടും കൂടി ജീവിച്ച മണിയങ്ങാട്ടു മത്തായിഅച്ചൻ എക്കാലത്തെയും വൈദിക സമൂഹത്തിന് ആദർശത്തിന്റെ ആൾരൂപം തന്നെയായിരിക്കും എന്നു നിസ്സംശയം പറയാം. ഈ മഹാനുഭാവന്റെ പേരും പ്രശസ്തിയും മണിയങ്ങാട്ടുകുടുംബത്തിന്റെ ശ്രേയസ്സിനും സൽകീർത്തിയ്ക്കും വഴി തെളിച്ചു.

I

അന്യജീവനുതക്കി സ്വജീവിതം-

ധന്യമാക്കിയ ആമഹാത്മാവ് നമ്മുടെ

ഹൃദയങ്ങളിൽ എന്നും ജീവിക്കട്ടെ,

## മണിയങ്ങാട്ട് കുന്നുംപുറത്ത് ലൂക്കാ കുര്യൻ



മണിയങ്ങാട്ട് ലൂക്കാ കുര്യനും ഭാര്യയും

## മണിയാങ്ങാട്ടുകുന്നുംപുറത്തുകുടുംബം (തറവാട്)

മണിയങ്ങാട്ടുകുന്നും പുറത്തു തറവാട്ടിൽ താമസിച്ചിരുന്ന ലൂക്കാ-അന്ന ദമ്പതിമാരുടെ ഇളയ മകൻ കുര്യൻ സ്വകുടുംബിനിയായി വരിച്ചത് കുറവിലങ്ങാട്ടു ഫൊറോനാ പള്ളി ഇടവകയിലെ ഒരു പ്രമുഖ കുടുംബമായിരുന്ന മേച്ചേരിക്കുന്നേൽ കുഞ്ഞുതൊമ്മൻ-ഏലിദമ്പതികളുടെ സീമന്തപുത്രിമറിയം എന്ന മഹിളാരത്നത്തെയായിരുന്നു. തോട്ടിക്കാട്ടുകുന്നേൽ താമസിച്ചിരുന്ന കുര്യക്കോസിന്റെയും കാശാംകാട്ടിൽ താമസിച്ചിരുന്ന തൊമ്മച്ചന്റെയും പാലാ രൂപതയുടെ പ്രഥമ വികാരി ജനറാൾ മോൺ. എമ്മാനുവേൽ മേച്ചേരിക്കുന്നേൽ, കേരള സംസ്ഥാനത്തെ പ്രശസ്തനായ ഡി.ഐ.ജി.യും ദീർഘകാലം പഞ്ചായത്തുപ്രസിഡന്റുമായിരുന്ന റ്റി.പോൾ മണ്ണാനിക്കാട്ട് എന്നിവരുടെയും സഹോദരിമാരിൽ മൂത്തയാളായിരുന്നു.

കുര്യൻ-മറിയം ദമ്പതികൾക്ക് ലൂക്കാ അന്ന, ഏലി, തൊമ്മച്ചൻ, മത്തായി, മറിയക്കുട്ടി, ത്രേസ്യാമ്മ എന്നീ ഏഴുമക്കൾ ജാതരായി.

ലൂക്കാ-കുര്യൻ ആത്മീയ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. അനുദിന ദിവ്യബലിയിൽ സംബന്ധിക്കുകയും നിത്യവും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം ഒരിക്കലും മുടക്കം വരുത്തിയിരുന്നില്ല അന്ത്യനാളുകളിൽപോലും മരിക്കുന്നതിന് എട്ടുദിവസം മുൻപുവരെയും ദേവാലയ തിരുകർമ്മങ്ങളിൽ പങ്കെടുക്കുവാൻ കുര്യൻ കാരണവർ അതീവ ജാഗ്രതാ പുലർത്തിയിരുന്നു.

ഈ പിതാവ് 1969 ജൂൺ 18-ാം തീയതി 85-ാം വയസ്സിലും മാതാവ് മറിയം 1958 ആഗസ്റ്റ് 25-ാം തീയതി 73-ാം വയസ്സിലും കർത്താവിൽ നിദ്രപ്രാപിച്ചു.

## മണിയങ്ങാട്ടുകുന്നുംപുറത്തു കുര്യൻ ലൂക്കാ



കുന്നുംപുറത്തു കുര്യൻലൂക്കായും ഭാര്യയും

അക്കാലത്ത് അടുത്തെങ്ങും വിദ്യാലയങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് നാട്ടാശാനായിരുന്ന താമരശ്ശേരിൽ ആശാന്റെ കീഴിലാണ് കുഞ്ഞച്ചൻ വിദ്യ അഭ്യസിച്ചത്. മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിൽ കുഞ്ഞച്ചൻ വ്യുല്പത്തി നേടിയശേഷം പിതാവിനോടൊത്ത് കൃഷികാര്യങ്ങളിൽ വ്യാപൃതനായി.

പ്രായപൂർത്തിയായപ്പോൾ, പൂവരണി ഈറ്റത്തോട്ട് ദേവസ്യാ -അന്ന മകൾ അന്നമ്മയെ കുഞ്ഞച്ചൻ ജീവിത പങ്കാളിയാക്കി. മറിയം, സിറിയക്(പാപ്പച്ചൻ), അന്നമ്മ, മേരി, ഏലിക്കുട്ടി, ജോസുകുട്ടി, ലൂക്കോസ് (കുട്ടിയച്ചൻ) ത്രേസ്യാമ്മ (തങ്കമ്മ) എന്നീ എട്ടുമക്കൾ ഇവർക്കുണ്ടായി.



ഏലിക്കുട്ടി

മൂത്തമകൾ മറിയം ഒന്നരവയസ്സിലും അഞ്ചാമത്തെ സന്താന മായ ഏലിക്കുട്ടി ഒൻപതാം വയസ്സിലും, ശൈശവനൈർമ്മല്യം വിട്ടകലും മുമ്പ് സ്വർഗ്ഗീയാ രാമത്തിലേക്കു പറിച്ചുനടപ്പെട്ടു.

കുഞ്ഞച്ചൻ, കുടുംബത്തിന്റെ ശോഭനമായ ഭാവിയെ മുന്നിൽ കണ്ട് പരിപാടികൾ കരുപ്പിടിപ്പിച്ച, ഭാവനാ സമ്പന്നനായ ഒരു കർഷ കനായിരുന്നു. വ്യവസായ സാധ്യതയുള്ള ഒരു നാണ്യവിളയെന്ന നിലയിൽ റബ്ബർ കൃഷിക്കുണ്ടാകാവുന്ന പ്രാധാന്യം മുൻ കൂട്ടി കണ്ട റിഞ്ഞ അദ്ദേഹം ഏതാനും പേരെ സംഘടിപ്പിച്ച് ഏന്തയാറ്റിൽ ചെന്ന് മർഫി സായിപ്പിന്റെ തോട്ടത്തിൽ നിന്ന് നല്ലയിനം റബ്ബർകായ്കൾ കൊണ്ടുവന്നു സ്വന്തം പുരയിടങ്ങളിൽ റബ്ബർ കൃഷിക്കു തുടക്കം കുറിച്ചു. അത് പുരോഗതിയിലേക്കുള്ള ഒരു കാൽവയ്പായിരുന്നുവെന്ന് അനന്തരക്കാല സംഭവങ്ങൾ തെളി യിച്ചു.

തറവാടിന്റെ ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി അക്ഷീണം യത്നിച്ച കുഞ്ഞച്ചൻ 1991 ഒക്ടോബർ 31-ന് 88-ാം വയസ്സിലും അദ്ദേഹത്തിന്റെ ഭാര്യ അന്നമ്മ 1980 ഫെബ്രുവരി 7-ന് 75-ാം വയ സ്സിലും നിത്യവിശ്രാന്തിക്കായി വിളിക്കപ്പെട്ടു കൊഴുവനാൽ പള്ളി സിമിത്തേരിയിലെ കുടുംബക്കല്ലറയിൽ ഇരുവരെയും യഥാകാലം സംസ്ക്കരിച്ചു. കുഞ്ഞച്ചൻ അന്നമ്മ ദമ്പതികളുടെ സീമന്തപുത്രൻ സിറയക്ക് (പാപ്പച്ചൻ) അയർക്കുന്നം പള്ളി ഇടവക പീച്ചത്തിൽ കുടുംബത്തിൽപ്പെട്ട പുല്ലാട്ട് ജോസഫ് ഏലി ദമ്പതികളുടെ തൃതീയ പുത്രി ത്രേസ്യാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് സാബു,

സാജൻ, സിബി, സിനി, സോണിയ, സോണി എന്നീ ആറുമക്കൾ ജാതരായി. പ്രസ്തുത പാപ്പച്ചൻ കുറെവർഷങ്ങളായി കുടുംബ യോഗം പ്രസിഡന്റായും കുടുംബചരിത്രനിർമ്മാണ കമ്മറ്റി പ്രസി ഡന്റായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കൊഴുവനാൽ ഹൈസ്കൂൾ ആരംഭം മുതൽ സ്വന്തം കുട്ടികളുടെ പഠനം തീരും വരെ തുടർച്ചയായി പത്തുവർഷം പി.റ്റി.എയുടെ പ്രസിഡന്റായി സേവനം ചെയ്തു. ഭക്ത സംഘടനയായ സി.എസ്സ്.സി. യുടെ ട്രഷ റായി പലപ്രവാശ്യവും തുടർച്ചയായി കമ്മറ്റിയിലും പ്രവർത്തിച്ചി ട്ടുണ്ട്.

## എം.എൽ. സിറിയക്ക് (പാപ്പച്ചൻ) മണിയങ്ങാട്ട്



എം.എൽ. സിറിയക്കും ഭാര്യയും



എം.എൽ. സിറിയക്കും കുടുംബവും

പാപ്പച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ മൂത്തപുത്രൻ സാബു കട യിനിക്കാട്ടു പുത്തൻ പുരയ്ക്കൽ ജോസഫ്-അന്നമ്മ ദമ്പതികളുടെ സീമന്തപുത്രി റീനയെ മന്ത്രകോടിയണിയിച്ചു. ഇവർക്ക് ട്രീസാ എന്നൊരു പുത്രിയുണ്ട്.



മണിയങ്ങാട്ട് സാജനും കുടുംബവും

പാപ്പച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ ദ്വിതീയ പുത്രൻ സാജൻ പത്തനാട്ട് സ്കൂൾ അധ്യാപകനാണ്. പരീക്കണ്ണിപേഴും കാട്ടിൽ മത്തായി സാറിന്റെയും റോസമ്മടീച്ചറിന്റെയും ഏകപുത്രി ജോഫി യാണ് സാജന്റെ സഹധർമ്മിണി. ഈ ദമ്പതികൾക്ക് സിറിൻ എന്നൊരു പുത്രനുണ്ട്. സംസ്ഥാന യൂണിവേഴ്സിറ്റി ഗുസ്തി ചാമ്പ്യ നാണ് സാജൻ.



മണിയങ്ങാട്ട് സിബിയും കുടുംബവും

പാപ്പച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ തൃതീയ പുത്രൻ സിബി കോതമംഗലം എൻജിനീയറിംഗ് കോളേജിൽ നിന്ന് ബി.ടെക്ബിരുദമെടുത്തു. മരങ്ങാട്ടുപള്ളി മണിയമ്പ്രാ കുടുംബശ്രേണിയിൽ പെട്ട പുളിക്കിയിൽ പി.ജെ. തോമസിന്റെയും ആലീസിന്റെയും സീമന്ത പുത്രി സ്മിതയാണ് സിബിയുടെ ജീവിതപങ്കാളി ഈ ദമ്പതികൾക്ക് തെരേസ് മരിയാ എന്ന പുത്രിയുണ്ട്. ഈ കുടുംബം കോട്ടയത്തു താമസിക്കുന്നു.

പാപ്പച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ സീമന്തപുത്രി സിനിയെ കപ്പാട്ടു പള്ളി ഇടവക കോക്കാട്ടു കുരുവിള സാറിന്റെയും മറിയാമ്മയുടെയും മകൻ ജോസുകുട്ടി സ്വന്തം വധുവായിവരിച്ചു. ജോസ്കുട്ടി കാനഡായിൽ എൻജിനീയറായി ജോലി നോക്കുന്നു. ഈ ദമ്പതികൾക്ക് ജാസ്മിൻ ഏകമകളാണ്.

പാപ്പച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ സോണിയായെ കാപ്പുംതല കളപ്പുരയ്ക്കൽ ഔസേപ്പച്ചൻ-റോസമ്മ ദമ്പതികളുടെ ഇളയ മകൻ മാത്യു സ്വന്തം കുടുംബിനിയാക്കി. ഇവരുടെ ദാമ്പത്യവല്ലരിയിൽ റോസക്കുട്ടി എന്ന ബാലികാസുമം വിരിഞ്ഞു.

പാപ്പച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ കനിഷ്ഠപുത്രൻ സോണി മണിയങ്ങാട്ട് എൽ.എൽ.ബി.പാസ്സായശേഷം പാലായിൽ അഭിഭാഷകനായി പ്രാക്റ്റീസ് ചെയ്യുന്നു. കേരള യൂത്ത് ഫ്രണ്ട് (എം) പാലാ നിയോജകമണ്ഡലം പ്രസിഡന്റ്, വൈ.എം.സി.എ. കോട്ടയം സബ്ബ് റീജിയൺ വൈസ് ചെയർമാൻ, യൂത്ത് ഫോറം ജില്ലാ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

കുഞ്ഞച്ചൻ-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ അന്നമ്മയെ പൂവരണി മണിയഞ്ചിറ ജോസഫ്-റോസ മകൻ ചാക്കോച്ചൻ സ്വകുടുംബിനിയാക്കി ഈ ദമ്പതികൾക്ക് റോസിലി, കുമാരി എന്നു രണ്ടു പുത്രിമാരാണുള്ളത്. റോസിലിയെ മുണ്ടക്കയം വടക്കേൽ (കൊടിത്തോട്ടം) തോമസ് മകൻ ജോർജ്ജുകുട്ടിയാണ് പരിണയിച്ചത്. മറിയാമ്മ തോമസുകുട്ടി എന്നിവരാണ് മക്കൾ.

അന്നമ്മ-ചാക്കോച്ചൻ ദമ്പതികളുടെ കനിഷ്ഠപുത്രി കുമാരി അരുവിത്തുറ മേക്കാട്ട് മാത്യുസാറിന്റെ മകൻ ഷാജിയുടെ സഹധർമ്മിണിയായി. ഈ ദമ്പതികൾക്ക് ആൽബർട്ട്, റോബർട്ട് എന്നു രണ്ടു പുത്രന്മാരുണ്ട്. ഇവർ ഇരുവരും അദ്ധ്യാപകരാണ്. മാതാമഹി അന്നമ്മയോടൊപ്പം താമസിക്കുന്നു.

കുഞ്ഞച്ചൻ-അന്നമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ മേരിയെ വിളക്കുമാടം പിണമറുകിൽ മത്തായി-അന്നമ്മ മകൻ അലക്സാണ്ടർ സ്വന്തം ജീവിതപങ്കാളിയാക്കി. ആനി, മാത്യു, ജോസ്, ലുക്കാച്ചൻ, ചാക്കോച്ചൻ, ആലീസ്, കൊച്ചുറാണി എന്നീ ഏഴുമക്കൾ ഇവർക്കുണ്ട്.

മൂത്തമകൾ ആനിയെ തിടനാട് വെട്ടിക്കൽ കുടുംബാംഗമായ ജോർജ്ജുകുട്ടി പാണിഗ്രഹണം ചെയ്തു.

രണ്ടാമത്തെ മകൾ ആലീസിനെ എരുമേലി ഞള്ളിമാക്കൽ ഷാജിയാണ് വിവാഹം കഴിച്ചത്.

മൂന്നാമത്തെ മകൾ കൊച്ചുറാണിയെ കലയന്താനി പാലാട്ട് ജിജി സ്വന്തം കുടുംബിനിയാക്കി.

മേരി-അലക്സാണ്ടർ ദമ്പതികളുടെ മൂത്തമകൻ മാത്യു കടനാട് അഴകം പറമ്പിൽ ആഗസ്തി മകൾ ലിസ്സിയെ മന്ത്രകോടിയണിയിച്ചു.

മേരി-അലക്സാണ്ടർ ദമ്പതികളുടെ മൂന്നാമത്തെ മകൻ ലുക്കാച്ചൻ ആർപ്പൂക്കര പെരുമാലിൽ ടെസ്സിയെ സ്വപത്നിയാക്കി.

മേരി-അലക്സാണ്ടർ ദമ്പതികളുടെ ഇളയപുത്രൻ ചാക്കോച്ചൻ തെള്ളകം കുറിച്ചിയാനിയിൽ ഷൈനിയെ ജീവിതപങ്കാളിയാക്കി.

മേരി അലക്സ് ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോസ്, കാഞ്ഞിരമറ്റം ചെമ്പകശ്ശേരിൽ ആൻസിയെ പരിണയിച്ചു.

## എം.എൽ. ജോസ്കുട്ടി മണിയങ്ങാട്ട്



എം.എൽ. ജോസുകുട്ടിയും ഭാര്യയും



**മണിയങ്ങാട്ട് എം.എൽ. ജോസുകുട്ടിയും കുടുംബവും**

ലൂക്കോസ്-അന്നമ്മ ദമ്പതികളുടെ ദ്വിതീയ പുത്രനായ ജോസുകുട്ടി മണിയങ്ങാട്ട് കുടുംബയോഗത്തിന്റെ പ്രഥമ പ്രസിഡന്റാണ്. ഇദ്ദേഹം വാകമല സെന്റ് ജോസഫ്സ്, കൊഴുവനാൽ സെന്റ് ജോൺസ്, മണലുങ്കൽ സെന്റ് അലോഷ്യസ് എന്നീ സരസ്വതീ ക്ഷേത്രങ്ങളിൽ നിന്ന് വിദ്യാഭ്യാസം നേടി. പാലാ സെന്റ് തോമസ് കോളേജിൽനിന്ന് ബി.എ. ബിരുദവും ബാംഗ്ലൂർ വിജയാ റ്റീച്ചേഴ്സ് കോളേജിൽനിന്ന് ബി.എഡ്. ബിരുദവും കരസ്ഥമാക്കിയതിനുശേഷം ഗോവയിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനമനുഷ്ഠിച്ചു. നാട്ടിൽ മടങ്ങിയെത്തി ഏതാനും നാൾ കൊഴുവനാൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയായി പ്രവർത്തിച്ചു. പിന്നീട് സി.എം.ഐ. മാനേജ്മെന്റിൽ ഹൈസ്കൂൾ അധ്യാപകനായി പുളിങ്കുന്ന് സെന്റ് ജോസഫ്സ് ഹൈസ്കൂൾ, തേവര എസ്.എച്ച്. ഹൈസ്കൂൾ, കരിക്കാട്ടൂർ സി.സി.എം. ഹൈസ്കൂൾ, മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂൾ എന്നിവടങ്ങളിൽ അധ്യാപകനായും മാന്നാനം സെന്റ് എഫ്രോംസ് ഹൈസ്കൂൾ, മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂൾ എന്നിവടങ്ങളിൽ ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു.

ഇദ്ദേഹത്തിന്റെ സഹധർമ്മിണി ലില്ലിക്കുട്ടി മണലുങ്കൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന റവ. ഫാ. മൈക്കിൾ തെക്കേലിന്റെ ജ്യേഷ്ഠനും വെള്ളിയാമറ്റം തെക്കേൽ കുടുംബാംഗവുമായ തോമസിന്റെയും ദൈവദാസൻ മാർ മാത്യു കാവുകാട്ട് തിരുമേനിയുടെ ജ്യേഷ്ഠപുത്രി മറിയാമ്മയുടെയും പുത്രിയാണ്. ബി.എ.ബി.എഡ്. യോഗ്യതയുള്ള ലില്ലിക്കുട്ടി മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ നിന്നാണ് വിരമിച്ചത്.

ഈ ദമ്പതികളുടെ മൂത്തമകൾ സിന്ധു കാനറാ ബാങ്ക് കോട്ടയം ശാഖയിൽ ജോലി ചെയ്യുന്നു. പാറമ്പുഴ ഒറ്റത്തൈയ്യിൽ അഡ്വ. ഒ. വി. ലൂക്കോസിന്റെയും ശ്രീമതി അന്നമ്മ ലൂക്കോസിന്റെയും പുത്രൻ അഡ്വ. പ്രിൻസ് ലൂക്കോസാണ് സിന്ധുവിനെ വിവാഹം ചെയ്തത്. ഇവർക്ക് അന്ന എന്നൊരു പുത്രിയുണ്ട്. രണ്ടാമത്തെ പുത്രി യമുന എം.ജി. യൂണിവേഴ്സിറ്റി നേരിട്ടു നടത്തുന്ന സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, ബി.എസ്.സി. നേഴ്സിംഗ് കോളേജിൽ സീനിയർ ലക്ചററായി സേവനം അനുഷ്ഠിക്കുന്നു. യമുനയെ വിവാഹം ചെയ്തത് ചങ്ങനാശ്ശേരി പാറേൽപള്ളി ഇടവക മുള്ളോം കൽ കുടുംബാംഗമായ പ്രഫ. ജോസിന്റെയും പ്രഫ. ഏലക്കുട്ടിയുടെയും മകൻ ജിജോയാണ്. സന്തോഷ് എം.എ.ബി.എഡ്. ഏകപുത്രനാണ്. കനിഷ്ഠ പുത്രി സംഗീത കുറ്റിപ്പുറം എം.ഇ.എസ്. എൻജിനീയറിംഗ് കോളേജിൽ ലക്ചററായി അധ്യാപനം നടത്തുന്നു.

## എം.എൽ. ലൂക്കോസ്, മണിയങ്ങാട്ടുകുന്നുംപുറത്ത്



**മണിയങ്ങാട്ട് കുന്നുംപുറത്ത് കുട്ടിയച്ചന്റെ കുടുംബം**

കുഞ്ഞച്ചൻ-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രൻ ലൂക്കോസ് (കുട്ടിയച്ചൻ) കോക്കാട്ടു മാത്യു സാറിന്റെയും മറിയാമ്മയുടെയും മകൾ മേരിക്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ഐജു (ലൂക്കോസ്), റെജി, ഷിജി, നിഷ, സ്മിത എന്ന് അഞ്ചുമക്കളുണ്ട്. ഏകപുത്രൻ ഐജു പ്രവിത്താനം പുള്ളിക്കാട്ടിൽ എബ്രാഹം-ഏലിക്കുട്ടി മകൾ സബിതയെ പാണിഗ്രഹണം ചെയ്തു. മൂത്തമകൾ റെജിയെ കലയന്താനികളപ്പുറത്തു തോമസു ത്രേസ്യാമ്മ മകൻ സെമി വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രിയുണ്ട്. രണ്ടാമത്തെ മകൾ ഷിജിയെ ഇലഞ്ഞിയിൽ പുഞ്ചാകുന്നേൽ സിബി വിവാഹം കഴിച്ചു. മൂന്നാമത്തെമകൾ നിഷയെ 27-11-2004-ൽ നീറന്താനം പള്ളിയിടവക വടക്കേടത്ത് തോമസ് ത്രേസ്യാമ്മ മകൻ ഷാജി വിവാഹം കഴിച്ചു. സ്മിത ബി.ഡി.എസ്. പാസ്സായി ഹൗസ് സർജൻസി ചെയ്യുന്നു.

മണിയങ്ങാട്ടു നിരപ്പേൽ കുര്യൻ-മറിയം ദമ്പതികളുടെ മൂത്ത മകൾ അന്നയെ പൂവരണി പഴയപമ്പിൽ അവിരാ-ഏലി ദമ്പതികളുടെ മൂത്തമകൻ സ്കറിയാ സ്വകുടുംബിനിയാക്കി. അവിരാച്ചൻ സിറിയക്ക് (കുഞ്ഞൂഞ്ഞ്) കറിയാച്ചൻ, ജോസഫ്, തോമ്മാച്ചൻ, മാത്യു, ചാക്കോച്ചൻ, ഏലി (പെണ്ണമ്മ) എന്നിങ്ങനെ എട്ടുമക്കൾ ഈ ദമ്പതികൾക്കുണ്ടായി.

ഏക പുത്രി പെണ്ണമ്മയെ ഭരണങ്ങാനം തെക്കേയറ്റത്തു കുട്ടിയച്ചനാണ് വിവാഹം ചെയ്തത്.

മൂത്തമകൻ അവിരാച്ചൻ നെയ്യാട്ടുശേരിൽ കാഞ്ഞിരക്കാട്ടു നിന്നും 2-ാമൻ കുഞ്ഞുഞ്ഞ് (കുര്യൻ) കാളകെട്ടി മണിയാക്കുപാറ നിന്നും

3-ാമൻ കറിയാച്ചൻ അയർക്കുന്നം പുളിങ്ങാത്തിൽ നിന്നും

4-ാമൻ തോമ്മാച്ചൻ ശൗര്യാം കുഴിയിൽ നിന്നും

5-ാമൻ കുട്ടി വേഴങ്ങാനം മ്ലാക്കുഴി തെക്കെഅറ്റത്തു നിന്നും

6-ാമൻ കുഞ്ഞുകുട്ടി കിഴക്കെ വീട്ടിൽ നിന്നും

7-ാമൻ ചാക്കോച്ചൻ ഇടമറ്റത്തു മുണ്ടാട്ടുനിന്നും വിവാഹം കഴിച്ചു.

കുര്യൻ-മറിയം ദമ്പതികളുടെ രണ്ടാമത്തെ പുത്രി ഏലി എസ്. എസ്.എൽ.സി പാസ്സായശേഷം കുറവിലങ്ങാട്ടു കർമ്മലീത്താ മഠത്തിൽ ചേർന്നു. വ്രതബദ്ധമായ സന്യാസം സ്വീകരിച്ചു സിസ്റ്റർ അവുറേലിയാ എന്ന സന്യാസനാമമാണ് സ്വീകരിച്ചത്. സിസ്റ്റർ അവുറേലിയ കുറവിലങ്ങാട്ടു സ്കൂളിൽ കുറേക്കാലം അധ്യാപികയായി സേവനം അനുഷ്ഠിച്ചു. കർമ്മലീത്താ മഠങ്ങളിൽ മദറായും ശുശ്രൂഷ നിർവഹിച്ചു. ഇപ്പോൾ കുറവിലങ്ങാട്ടു മഠത്തിൽ വിശ്രമജീവിതം നയിക്കുകയാണ്.

കുര്യൻ-മറിയം ദമ്പതികളുടെ മൂന്നാമത്തെ പുത്രി മറിയകുട്ടിയെ ഭരണങ്ങാനം പുത്തൻപുരയ്ക്കൽ മത്തായി-മകൻ ഫിലിപ്പു വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മത്തായി (ബേബി)സണ്ണി

(സിറിയക്ക്) ജോസ്, ഫിലിപ്പ് (ജായി) അന്ന (തങ്കമ്മ) ഗ്രേസി മോളി ഏലമ്മ ഫിലോമിന സിസിലി ത്രേസ്യാ എന്നിവർ മക്കളായുണ്ട്. ബേബി ഇടമറ്റം നരിതൂക്കിൽ നിന്നും വിവാഹം നടത്തി.

പുത്രിമാരിൽ അന്ന (തങ്കമ്മ)യെ മേളോംപറമ്പിൽ മാത്തുക്കുട്ടി വിവാഹം കഴിച്ചു. രണ്ടാമത്തെ പുത്രി ഗ്രേസി എസ്.എ.ബി.എസ്സ്. സന്യാസസഭയിൽ അംഗമായി പ്രേഷിതശുശ്രൂഷ നിർവഹിക്കുന്നു.

സണ്ണിമാൻ വെട്ടം പുത്തൻപുരയിൽ നിന്നും വിഹാഹം കഴിച്ചു.

മൂന്നമത്തെ പുത്രി മോളി മുത്തോലപുരം കളപ്പുരയ്ക്കൽ പുത്തൻപുരയിൽ ജോർജ്ജുകുട്ടിയുടെ പത്നിയാണ്. ജോസ് കടനാട് കാവും പുറത്തുനിന്നും വിവാഹം ചെയ്തു.

നാലാമത്തെ പുത്രി ഏലമ്മയെ കടപ്ലാമറ്റം കുവള്ളൂർ രാജുസ്വകുടംബിനിയാക്കി ഈ കുടുംബം ഇപ്പോൾ തൃശൂരിൽ ആണ് താമസിക്കുന്നത്.

അഞ്ചാമത്തെ മകൾ ഷീലയെ (ഫിലോമീന)തെക്കുപുഴകൊച്ചുവെമ്പള്ളിൽ വക്കച്ചൻ വിവാഹം ചെയ്തു.

ആറാമത്തെ മകൾ സിസിലി (ഷീല)യെ വായ്പൂര് ചിറക്കര തോമസ് (ജിമ്മിച്ചൻ) പരിണയിച്ചു. ജായി പാലാമരുതോലിൽ നിന്നും വിവാഹം ചെയ്തു.

ഏഴാമത്തെ മകൾ ത്രേസ്യാ (ജെസ്സി)യെ അമ്പാറനിരപ്പേൽ (തകിടിയേൽ) തൊമ്മച്ചൻ വിവാഹം കഴിച്ചു.

കുര്യൻ-മറിയം ദമ്പതികളുടെ നാലാമത്തെ പുത്രി ത്രേസ്യാമ്മയെ പാലാകാപ്പിൽ മാണി-മറിയാമ്മ മകൻ ജോസ് (പാപ്പച്ചൻ) സ്വന്തം ജീവിത പങ്കാളിയാക്കി ഈ കുടുംബം തൊടുപഴു കോടിക്കുളത്തു താമസിക്കുന്നു. ഈ ദമ്പതികൾക്ക് എൽസമ്മ, സോഫിയാ, ബാബു, സാബു, അൻജായി എന്ന് അഞ്ചുമക്കളുണ്ട്.

മൂത്തമകൾ എൽസമ്മയെ വാഴക്കുളം കളപ്പുരയ്ക്കൽ മത്തായി ഏലി മകൻ തൊമ്മച്ചൻ പരിണയിച്ചു.

രണ്ടാമത്തെമകൾ സോഫിയായെ കലൂർ വെട്ടിയാങ്കൽ കുര്യൻ-അന്ന മകൻ കുര്യാച്ചൻ മന്ത്രകോടിയണിയിച്ചു.

ഇളയമകൾ ആൻജായിയെ അഞ്ചിരി നമ്പ്യാപറമ്പിൽ ലൂക്കാ ഏലി മകൻ പയസ് സ്വന്തം സഹധർമ്മിണിയാക്കി.

ആണങ്ങളിൽ ഒന്നമനായ. ബാബു അന്തിനാട് കല്ലറയ്ക്കൽ നിന്നും വിവാഹം കഴിച്ചു.

ആണങ്ങളിൽ രണ്ടാമനായ സാബു മാനന്തവാടി വാക്കാട്ടുവീട്ടിൽ നിന്നും വിവാഹം കഴിച്ചു.

